കളങ്ങളുടെ KIIDC വഴിയുള്ള നവീകരണം

201 (893) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ-KIIDC-ഏറ്റെടുത്ത് ശുചീകരണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന/നടത്താൻ ഉദ്ദേശിക്കുന്ന നേമം നിയോജകമണ്ഡലത്തിലെ കളങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതൊക്കെ കളങ്ങളുടെ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ഏതൊക്കെ കളത്തിന്റെ പ്രവൃത്തികൾ പുരോഗതിയിലാണെന്നും വിശദമാക്കുമോ ;

(സി) ഇവയിൽ ഓരോ കളത്തിനും വിനിയോഗിക്കുന്ന തുക എത്രയെന്നും നിർവ്വഹണ ഏജൻസി ഏതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേന ശുചീകരണ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന നേമം നിയോജകമണ്ഡലത്തിലെ കളങ്ങൾ താഴെപ്പറയുന്നവയാണ് :

1. എസ്റ്റേറ്റ് വാർഡിലെ നന്തൻകോട് കളം
2. മുടവൻമുഗൾ വാർഡിലെ മാവിറവിള കളം
3. എസ്റ്റേറ്റ് വാർഡിലെ തെങ്ങുവിള കളം
4. പുന്നയ്ക്കാമുഗൾ വാർഡിലെ കോട്ടകോണം കളം
5. തുക്കണ്ണാപുരം വാർഡിലെ വേളാരിവിള കളം
6. നേമം വാർഡിലെ നമ്പുവിള കളം

(ബി) ഇവയിൽ പുന്നയ്ക്കാമുഗൾ വാർഡിലെ കോട്ടകോണം കളത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 5 കളങ്ങളുടെ നവീകരണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയിൽ ഓരോന്നിനും വിനിയോഗിക്കാൻ ഉദ്ദേശിക്കുന്ന തുക ചുവടെ ചേർക്കുന്നു :

1. നന്തൻകോട് കുളം	- ₹	12,00,000
2. മാവിറവിള കുളം	- ₹	15,00,000
3. തെങ്ങുവിള കുളം	- ₹	15,00,000
4. കോട്ടകോണം കുളം	- ₹	14,78,000
5. വേളാരിവിള കുളം	- ₹	14,78,000
6. നന്ദുവിള കുളം	- ₹	15,00,000

കെ.ഐ.ഐ.ഡി.സി.-യുടെ സാങ്കേതിക മേൽനോട്ടത്തിൽ ബന്ധപ്പെട്ട വാർഡ് കൗൺസിലർമാർ ഉൾപ്പെട്ട ഒരു കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത കുളങ്ങളുമായി ബന്ധപ്പെട്ട റസിഡന്റ്സ് അസോസിയേഷനുകൾവഴിയാണ് മേൽ പദ്ധതി നിർവ്വഹിച്ചുവരുന്നത്.

കനാൽറോഡ് നിർമ്മാണത്തിനായി അനുവദിച്ച തുക

202 (894) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും കനാൽ റോഡ് നിർമ്മാണത്തിനായി ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം പ്രവൃത്തികൾക്ക് എത്രയുക വീതം അനുവദിച്ചു ?

ഉത്തരം

2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ കനാൽ റോഡ് നിർമ്മാണത്തിനായി വിവിധ ജില്ലകളിലെ പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം I, II എന്നിവയായി ചേർത്തിരിക്കുന്നു.*

മഞ്ഞാലി തോടിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി

203 (895) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-4-2011-ൽ 12.35 കോടി രൂപയുടെ ഭരണാനുമതിയും 25-4-2013-ൽ 14 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭിച്ച മഞ്ഞാലി തോടിന്റെ ശ്രീ. ഭഗവതിക്ഷേത്രം മുതൽ മധുരപ്പുറം പാലംവരെയുള്ള രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ 4 വർഷം പൂർത്തിയാകാറായിട്ടും ആരംഭിക്കാൻ സാധിക്കാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വിശദമാക്കാമോ ;

---

*

LIBRARY ARCHIVES Kerala Legislative Assembly